"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - ജസ്റ്റിസ് (റിട്ട) ജെ.ബി കോശി കമ്മീഷൻ ശിപാർശ - ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട 1947 എന്ന കാലഗണന ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പിന്നാക്ക വിഭാഗ വികസന (ബി) വകുപ്പ്**

സ.ഉ.(കൈ) നം.3/2026/BCDD തീയതി ,തിരുവനന്തപുരം, 05-03-2026

പരാമർശം:-

1) സ.ഉ.(എം.എസ്) നം.113/10/പജപവവിവ തീയതി 04/11/2010.
2) 22.08.2011 തീയതിയിലെ 25638/എഫ്.3/09/പജപവവിവ നമ്പർ സർക്കുലർ.
3) സ.ഉ.(കൈ) നം.55/2012/പജപവവിവ തീയതി 04/04/2012.
4) 27.02.2016 തീയതിലെ 585/2016/പിസവിവ നമ്പർ സർക്കുലർ.
5) കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 29.09.2020 തീയതിയിലെ ഉപദേശം.
6) ജസ്റ്റിസ് (റിട്ട) ജെ.ബി കോശി കമ്മീഷൻ ശിപാർശ നമ്പർ 8.76 (g), 8.76 (h).
7) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 13.11.2025 തീയതിയിലെ BCDIR/334/2025-B2 നമ്പർ കത്ത്.
8) കിർത്താഡ്സ് ഡയറക്ടറുടെ 21.11.2025 തീയതിയിലെ KTDS/2043/2025-V നമ്പർ കത്ത്.
9) കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ 11.07.2025, 31.08.2025 എന്നീ തീയതികളിലെ നിവേദനങ്ങൾ.
10) നെയ്യാറ്റിൻകര രൂപതാ ബിഷപ്പിന്റെ 05.11.2025, 27.01.2026 എന്നീ തീയതികളിലെ നിവേദനങ്ങൾ.

**ഉത്തരവ്**

പരാമർശം (1) പ്രകാരം 1947-ന് മുമ്പ് ലത്തീൻ കത്തോലിക്കാ വിശ്വാസികളായി ചേർന്നവർക്കും അവരുടെ പിൻ തലമുറക്കാർക്കും മാത്രമേ ലത്തീൻ കത്തോലിക്കാ സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാകാൻ അർഹതയുള്ളു എന്ന് ഉത്തരവായിരുന്നു. ലത്തീൻ കത്തോലിക്കാ സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവും പ്രസ്തുത വ്യക്തിയുടെ പിതാവും ലത്തീൻ കത്തോലിക്കാ സമുദായാംഗങ്ങളായിരുന്നുവെന്ന് ബിഷപ്പുമാർ നൽകുന്ന സാക്ഷ്യപത്രം റവന്യൂ അധികാരികളുടെ അന്വേഷണത്തിന് സഹായകരമായ ഒരു രേഖയായി പരിഗണിക്കേണ്ടതാണെന്നും ടി രേഖയുടെയും വില്ലേജ് ആഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടേയും അടിസ്ഥാനത്തിൽ ലത്തീൻ കത്തോലിക്കാ സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ് എന്നും പരാമർശം (1) ഉത്തരവിൽ ഭേദഗതി വരുത്തി പാരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2) പരാമർശം (4) പ്രകാരം ലത്തീൻ കത്തോലിക്കാ വിഭാഗത്തിനും എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ വിഭാഗത്തിനും അവരുടെ സമുദായ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് പ്രസ്തുത വിഭാഗക്കാർ 1947-ന് മുമ്പ് ലത്തീൻ കത്തോലിക്ക / എസ്.ഐ.യു.സി. വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഒഴിവാക്കി ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റിന്റെയും റവന്യൂ അധികാരികൾ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിൽ ലത്തീൻ കത്തോലിക്ക/എസ്.ഐ.യു.സി. സമുദായങ്ങൾക്ക് അവരുടെ ജാതി/സമുദായ സർട്ടിഫിക്കറ്റ് നൽകണമെന്ന്

നിർദ്ദേശം നൽകിയിരുന്നു.

3) ലത്തീൻ കത്തോലിക്കാ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അപ്രസക്തമായ 1947 എന്ന അടിസ്ഥാനവർഷം ലത്തീൻ കത്തോലിക്കാ ക്രൈസ്തവ സ്വത്വം നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡമായി നിശ്ചയിച്ചത് നീക്കം ചെയ്യേണ്ടതാണെന്ന് ജസ്റ്റിസ് (റിട്ട) ജെ.ബി.കോശി കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. കൂടാതെ 1947 എന്ന അടിസ്ഥാന വർഷം നിലനിൽക്കുന്നത് ലത്തീൻ കത്തോലിക്കാ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു എന്ന തരത്തിൽ നിരവധി പരാതികളും സർക്കാരിൽ ലഭിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ജസ്റ്റിസ് (റിട്ട) ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിൽ ഖണ്ഡിക 8.76 (g) യിലെ ഇക്കാര്യത്തിലെ ശിപാർശ അംഗീകരിച്ച് ലത്തീൻ കത്തോലിക്കാ സമുദായ സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവും പ്രസ്തുത വ്യക്തിയുടെ മാതാവോ/പിതാവോ ലത്തീൻ കത്തോലിക്കാ സമുദായാംഗങ്ങളായിരുന്നുവെന്ന് ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന സാക്ഷ്യപത്രം റവന്യൂ അധികാരികളുടെ അന്വേഷണത്തിനു സഹായകരമായ ഒരു രേഖയായി പരിഗണിച്ചും, വില്ലേജ് ഓഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടെ അടിസ്ഥാനത്തിലും ലത്തീൻ കത്തോലിക്ക ജാതി/സമുദായ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണെന്നും, 1947 എന്ന വർഷം ലത്തീൻ കത്തോലിക്ക ജാതി/സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡമായി പരിഗണിക്കേണ്ടതില്ലെന്നും ഇതിനാൽ ഉത്തരവാകുന്നു.

5) പരാമർശം (1) സർക്കാർ ഉത്തരവ് മേൽ പ്രകാരം ഭേദഗതി വരുത്തിയും, പരാമർശം (2) സർക്കുലറിന് മേൽ ഭേദഗതി ബാധകമാക്കികൊണ്ടും, പരാമർശം (3) ഉത്തരവ് റദ്ദുചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടിവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ഡയറക്ടർ, കിർത്താഡ്സ്.
ലാൻഡ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം.
എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
പൊതുഭരണ (എസ്.സി) വകുപ്പ്. (24-2-2026-ലെ ഇനം നം.3746 O.A പ്രകാരം).
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂമീഡിയ), ഐ & പി.ആർ.ഡി.
റവന്യൂ വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Rajimon. M
Date: 05-03-2026 18:39:15
സെക്ഷൻ ഓഫീസർ.

പകർപ്പ്:-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി & ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി യുടെ പി.എ യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-02-2026

ഇനം നം: 3746
O.A.

വിഷയം : ന്യൂനപക്ഷക്ഷേമ വകുപ്പ് - ക്രിസ്ത്യൻ മത ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ജസ്റ്റിസ്. (റിട്ട) ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ പരിഗണിച്ചു.

കുറിപ്പിലെ നിർദ്ദേശം -

1. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിച്ചു. ആയത് ഔദ്യോഗികമായി പ്രസിദ്ധീകരിക്കുവാനും തീരുമാനിച്ചു.
2. അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്.

**O.A**
(24.02.2026)

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ക്രിസ്ത്യൻ മതന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ജസ്റ്റിസ് (റിട്ട.) ജെ.ബി. കോശി കമ്മിഷൻ റിപ്പോർട്ട് സംബന്ധിച്ച് മുഖ്യമന്ത്രി ഫെബ്രുവരി 28-ന് മതമേലധ്യക്ഷന്മാരുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

284 ശുപാർശകളും, അവയ്ക്ക് അനുബന്ധമായ ഉപ ശിപാർശകളും ഉൾപ്പെടെ ആകെ 327 ശിപാർശകൾ അടങ്ങിയതാണ് റിപ്പോർട്ടിന്റെ ഉള്ളടക്കം.

ശിപാർശകളെ താഴെ പറയുന്ന പ്രകാരം മൂന്ന് വിഭാഗങ്ങളാക്കി തരം തിരിക്കാവുന്നതാണ്.

| ക്രമ നം. | വിഭാഗം | ശിപാർശകളുടെ സ്വഭാവവും സ്വീകരിക്കാവുന്ന നടപടിയും | എണ്ണം |
|---|---|---|---|
| 1 | വിഭാഗം-1<br>നടപടി പൂർത്തിയാക്കിയവ | 1) നടപ്പിലാക്കിയ ശിപാർശകൾ,<br>2) നിലവിൽ വ്യവസ്ഥകൾ നിലനിൽക്കുന്നവ,<br>3) നടപ്പിലാക്കാൻ കഴിയാത്തവ,<br>4) പ്രത്യേകിച്ച് ശുപാർശ ഇല്ലാത്തവ | 160 |
| 2 | വിഭാഗം-2<br>മന്ത്രിസഭയുടെ പരിഗണയ്ക്ക് സമർപ്പിക്കാൻ കഴിയുന്നവ | ഈ വിഭാഗത്തിന് അംഗീകാരം നൽകിയാൽ തുടർനടപടികൾ സ്വീകരിച്ച് നിയമാനുസൃതം നടപടി സ്വീകരിക്കാനാകും. *(അനുബന്ധമായി ചേർക്കുന്നു)* | 32 |

| | | | |
|---|---|---|---|
| 3 | വിഭാഗം-3<br>നടപടി പുരോഗമിക്കുന്നവ | a) വകുപ്പിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി വരുന്നവ<br>b) മറ്റു വകുപ്പുകളിൽ നിന്നു കൂടി അഭിപ്രായം തേടി തീരുമാനമെടുക്കേണ്ടവ.<br>c) അംഗീകാരം കാത്തു നിൽക്കുന്ന ഘട്ടത്തിലുള്ളവ | 135 |

മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ കഴിയുന്നവയായി തിട്ടപ്പെടുത്തിയ 32 ശിപാർശകൾ ഉണ്ട്. അവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഇതുവരെയും ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ പല കോണുകളിൽ നിന്നും ഈ റിപ്പോർട്ട് ഔദ്യോഗികമായി പ്രസിദ്ധീകരിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ടുന്ന വിഷയം</u>

1. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഔദ്യോഗികമായി പ്രസിദ്ധീകരിക്കാമോ?
2. അനുബന്ധമായി ചേർത്തിരിക്കുന്ന 32 ശിപാർശകളിന്മേൽ തീരുമാനം കൈക്കൊള്ളാമോ?

# അനുബന്ധം

| (1)<br>ശിപാർശ നം. | (2)<br>ശിപാർശകൾ | (3)<br>സ്ഥിതി വിവരണം | (4)<br>തീരുമാനിക്കേണ്ട വിഷയം |
|---|---|---|---|
| 8.4 | മലയോര പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും മത്സ്യത്തൊഴിലാളികൾ, ക്രൈസ്തവർ എന്നിവർ കൂട്ടതലായി താമസിക്കുന്ന സ്ഥലങ്ങളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ പരിശീലനകേന്ദ്രങ്ങളും എഞ്ചിനീയറിങ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയവയ്ക്കുള്ള പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും സ്ഥാപിക്കണം. ഇത്തരം കേന്ദ്രങ്ങൾ എല്ലാം എല്ലാ ന്യൂനപക്ഷങ്ങൾക്കും ഒരുപോലെ സൗകര്യപ്രദവും പ്രാപ്യവും ആയ ഇടങ്ങളിൽ പ്രവർത്തിക്കണം. ഈ കേന്ദ്രങ്ങളിലെ പ്രവേശനത്തിന് എല്ലാ വിഭാഗങ്ങളിലുംപെട്ട ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഒരേ രീതിയിലുള്ള നിബന്ധനകളും സൗകര്യങ്ങളും സാമീപ്യതയും ഉണ്ടായിരിക്കണം. | പരിശീലന കേന്ദ്രങ്ങളെ അപേക്ഷിച്ച് ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിൽ സർക്കാരിന് ശമ്പളം മാത്രം വഹിക്കേണ്ടതുള്ളൂ. ഉപകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളും മറ്റും ഒരുക്കേണ്ടത് സർക്കാരിന്റെ ചുമതലയിൽ പെടുന്നില്ല. | **<u>തീരുമാനിക്കേണ്ട വിഷയം 1:</u>**<br>ശമ്പള ഇനത്തിൽ ഉള്ള ചിലവുകൾ മാത്രമേ സർക്കാർ വഹിക്കേണ്ടതുള്ളൂ എന്നതിനാൽ പരിശോധനക്ക് ശേഷം ആവശ്യമായ സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങൾ അനുവദിക്കാൻ അനുമതി നല്കാവുന്നതാണോ ? |

<u>അനുബന്ധം</u>

| | | | |
|---|---|---|---|
| 8.8 | ഒരു പ്രത്യേക മതവിഭാഗത്തിന് ഭൂരിപക്ഷം ഉണ്ട് എന്ന പരിഗണന വച്ചു മാത്രം ഒരു സ്ഥലത്തെ സർക്കാർ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് മതാധിഷ്ഠിത പേരു നൽകുന്നത് ശരിയാണോ എന്നും സർക്കാർ പരിശോധിക്കണം. | നിലവിൽ ചില വിദ്യാഭാസ സ്ഥാപനങ്ങളിൽ എങ്കിലും മതാധിഷ്ഠിത പേര് നിലനിൽക്കുന്നുണ്ട് | **<u>തീരുമാനിക്കേണ്ട വിഷയം 2:</u>** ഭാവിയിൽ ആരംഭിക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനത്തിനും മതാധിഷ്ഠിത പേരു നൽകാൻ പാടില്ല എന്ന് തീരുമാനിക്കാമോ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.13 | കേരള പബ്ലിക് സർവീസ് കമ്മീഷൻ, യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്, ബാങ്കിങ് സർവീസ് കമ്മീഷൻ എന്നീ ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകൾക്കും വിവിധ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷകൾ മുതലായവയ്ക്ക് സൗജന്യ പരിശീലനം നൽകുന്ന ട്രെയിനിങ് സെന്ററുകളുണ്ട്. ധാരാളം കുടിയേറ്റ കർഷകരുള്ള മലയോര പ്രദേശമായ കണ്ണൂരും ഇടുക്കിയിലും കോട്ടയം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിലും ധാരാളം മത്സ്യ ത്തൊഴിലാളികൾ അധിവസിക്കുന്ന എറണാകുളത്തും, തിരുവനന്തപുരത്തുമുള്ള തീരപ്രദേശങ്ങളിലും ഇത്തരം ട്രെയിനിങ് സെന്ററുകൾ സ്ഥാപിക്കണം. | | **തീരുമാനിക്കേണ്ട വിഷയം 3:** ശമ്പള ഇനത്തിൽ ഉള്ള ചിലവുകൾ മാത്രമേ സർക്കാർ വഹിക്കേണ്ടതുള്ളൂ എന്നതിനാൽ ഉപകേന്ദ്രങ്ങൾ അനുവദിക്കാൻ അനുമതി നല്കാവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.29 | കുടുംബത്തിന്റെ സാമ്പത്തിക സാഹചര്യം മോശമായ കുട്ടികൾക്ക് "പഠന വീടുകൾ" ഉണ്ടാകണം, കുട്ടികൾക്ക് താമസം, ഭക്ഷണം മുതലായവ ലഭ്യമാകണം. അവർക്കായി ബ്രിഡ്ജ് കോഴ്സുകളും സ്റ്റഡി സെന്ററുകളും ആരംഭിക്കണം. ഇംഗ്ലീഷ്, ഗണിതം തുടങ്ങിയ വിഷയങ്ങൾക്ക് സ്കൂൾ തലത്തിൽ പരിഹാര ബോധന ക്ലാസുകൾ ഉണ്ടാകണം. ഇത്തരം പരിപാടികൾക്ക് ന്യൂനപക്ഷ വകുപ്പിന്റെ സാമ്പത്തിക സഹായം തീരദേശ മേഖലകളിലും മലയോര പ്രദേശങ്ങളിലും കുട്ടനാട്ടിലും ലഭിക്കേണ്ടതാണ്. ഇവയെല്ലാം എല്ലാ സ്ഥലത്തും പൂർണ്ണമായി സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ ഉള്ള വിഭവശേഷി ന്യൂനപക്ഷ വകുപ്പിന് ഇല്ലായെങ്കിൽ, ഈ രംഗത്ത് സേവന തൽപരരായി മുമ്പോട്ട് വരുന്ന നോൺ-ഗവൺമെന്റൽ സന്നദ്ധ സഹായ സംഘങ്ങൾക്ക് അവർ ചെയ്യുന്ന സേവനങ്ങൾക്ക് ആനുപാതികമായി ഭാഗികമായ സഹായം സർക്കാർ ന്യൂനപക്ഷ വകുപ്പ് വഴി നൽകണം. | | **തീരുമാനിക്കേണ്ട വിഷയം 4:** പഠനമുറികൾ അനുവദിക്കുന്നതും ഈ മേഖലയിലെ എൻ.ജി.ഒ – കളുടെ സേവനം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ചും പഠനം നടത്താൻ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്താവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.30 | നിലവിലുള്ള ക്രിസ്ത്യൻ ന്യൂനപക്ഷ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ ആ സ്കൂളിൽ (L.P., U.P., H.S.) പഠിക്കുന്ന കുട്ടികൾ ആ സ്കൂളിൽ അവസാന ക്ലാസ്സിൽ നിന്നു പാസ്സായാൽ അടുത്ത സ്ഥലങ്ങളിൽ ഉയർന്ന ക്ലാസ്സുകളുള്ള സ്ഥാപനങ്ങൾ ലഭ്യമല്ല എന്ന് പല സ്ഥലങ്ങളിൽ നിന്നും പരാതി ഉണ്ടായിട്ടുണ്ട്. ഒരു ന്യായമായ ദൂരത്തിനുള്ളിൽ അത്തരം സ്കൂളുകൾ ലഭ്യമല്ലെങ്കിൽ നിലവിലുള്ള ക്രിസ്ത്യൻ ന്യൂനപക്ഷ സ്കൂളുകൾ ആവശ്യാനുസരണം അപ്ഗ്രേഡ് ചെയ്യണം. | | **തീരുമാനിക്കേണ്ട വിഷയം 5:** വിദ്യാഭാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഏതെല്ലാം സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ട് എന്ന് പരിശോധിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പിനെ ചുമതലപ്പെടുത്താവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.31.a | രണ്ടു ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള (i) മാതാപിതാക്കൾ മരിച്ചുപോയതോ നഷ്ടപ്പെട്ടതോ ആയ ക്രിസ്ത്യൻ കുട്ടികൾക്കും (ii) പിതാവ് മരിച്ച സ്കൂൾ വിദ്യാർത്ഥികളായ പെൺകുട്ടികൾക്കും (iii) ക്രൈസ്തവ കർഷകരുടെ മക്കൾക്കും സ്കോളർഷിപ്പ് നൽകുക. | | **തീരുമാനിക്കേണ്ട വിഷയം 6:** രണ്ടു ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളതും , മാതാപിതാക്കൾ മരിച്ചുപോയവരുമായ കുട്ടികൾക്കും, പിതാവ് മരിച്ച സ്കൂൾ വിദ്യാർത്ഥികളായ പെൺകുട്ടികൾക്കും ആയി ഒരു പൊതു സ്കോളർഷിപ്പ് സ്കീം നടപ്പിലാക്കുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ധനകാര്യ (എക്സ്പെൻഡിച്ചർ), പൊതു വിദ്യാഭ്യാസ, വനിതാ ശിശുവികസന വകുപ്പ് സെക്രട്ടറിമാരുടെ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്താവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.31 c | ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുന്നതിനാൽ ജാതി അടിസ്ഥാനത്തിൽ ലഭിക്കുന്ന സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും സ്കോളർഷിപ്പ് അല്ല എന്നു വ്യക്തമാക്കുന്ന ഉത്തരവുകൾ ഉണ്ടാവണം. | | **തീരുമാനിക്കേണ്ട വിഷയം 7:** ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുന്നതിനാൽ ജാതി അടിസ്ഥാനത്തിൽ ലഭിക്കുന്ന സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും സ്കോളർഷിപ്പ് അല്ല എന്നു വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.33 | ക്ഷേമ പെൻഷനുകളായി 1,600 രൂപ വ്യക്തികൾക്ക് നൽകുമ്പോൾ ഗവൺമെന്റ് ഗ്രാന്റായി ഓർഫനേജുകൾക്ക് 1,100 രൂപ മാത്രമാണ് നൽകുന്നത്. അത് ക്ഷേമ പെൻഷനുമായി തുല്യമാക്കണം. | സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് പരിഗണിക്കാവുന്നതാണ്.അ നാഥാലയങ്ങളുടെ മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിക്കുന്ന സാഹചര്യത്തിലാണ് ഗ്രാന്റ് 1100 രൂപ ആയി പരിമിതപ്പെടുത്തിയിരിക്കുന്നത്. | **തീരുമാനിക്കേണ്ട വിഷയം 8:** ക്ഷേമ പെൻഷൻ 1,600 രൂപയിൽ നിന്ന് 2000 രൂപ ആക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഗവൺമെന്റ് ഗ്രാന്റായി ഓർഫനേജുകൾക്ക് നൽകി വന്ന തുകയിൽ ആനുപാതികമായി വർദ്ധിപ്പിച്ച 1375 രൂപയിലേക്ക് ഉയർത്താവുന്നതാണോ ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.39 | The Kerala State Commission for Minorities Act, 2014, 2018 ൽ ഭേദഗതി ചെയ്ത് വകുപ്പ് 2(ബി) യിൽ "another minority community" എന്നത് " a minority community" എന്നാക്കി. ചെയർമാൻ ഒരു സമുദായത്തിൽ നിന്നാകുമ്പോൾ അംഗം മറ്റൊരു സമുദായത്തിൽ നിന്നാകുന്നതാണ് ഉചിതമെന്നാണ് കമ്മീഷന്റെ അഭിപ്രായം. അത് നിയമസഭയുടെ പരിഗണനയിൽ വരേണ്ട വിഷയം ആയതിനാൽ ഈ കാര്യം സർക്കാർ പരിഗണിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. | . | **തീരുമാനിക്കേണ്ട വിഷയം 9:** ഏതെങ്കിലും ഒരു ന്യൂനപക്ഷ വിഭാഗത്തിന് കൂടുതൽ പ്രാതിനിധ്യം വരുന്നില്ല എന്ന് ഉറപ്പുവരുത്തുവാനായി ശിപാർശ തത്വത്തിൽ അംഗീകരിക്കാവുന്നതാണോ? |

## അനുബന്ധം

| | | | |
|---|---|---|---|
| 8.41 | 103-ാം ഭരണഘടനാ ഭേദഗതി പ്രകാരം സംവരണേതര വിഭാഗം എന്നൊരു Socio Religious Classification (SRC) ഭരണഘടനയിൽ ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, "The Kerala State Commission for Economically Backward Classes among Forward Communities Act, 2015" എന്ന നിയമത്തിന്റെ പേര് "The Kerala State Commission for Economically Backward Classes among General or Unreserved Communities Act" എന്ന് ഭേദഗതി ചെയ്യുക. "The Kerala State Commission for Economically Backward Classes among Forward Communities" എന്ന സ്റ്റാറ്റ്യൂട്ടറി കമ്മീഷന്റെ പേര് "The Kerala State Commission for Economically Backward Classes among General or Unreserved Communities " എന്നു ഭേദഗതി ചെയ്യുക. "The Kerala State Welfare Corporation for Forward Communities Limited" എന്ന സംസ്ഥാന സർക്കാർ സ്ഥാപനത്തിന്റെ പേര് " Kerala State Welfare Corporation for General or Unreserved Communities" എന്നു ഭേദഗതി ചെയ്യുക. | കമ്മീഷന്റെയും മുന്നാക്കകമ്മീഷന്റെയും പേര് പുനർ നിശ്ചയിക്കുന്നതിനായി കമ്മീഷനിൽ നിന്നും കോർപ്പറേഷനിൽ നിന്നും ഉചിതമായ പേര് നിർദ്ദേശിക്കുന്നതിനായി അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. | **തീരുമാനിക്കേണ്ട വിഷയം 10:** കമ്മീഷനുകൾക്കു ഉചിതമായ പേരുകൾ നിർദ്ദേശിക്കാൻ പൊതുഭരണ വകുപ്പ് സെക്രട്ടറി യെ ചുമതപ്പെടുത്താവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.62 b | കെയർ ഹോമിലെ അന്തേവാസികൾക്ക് പൊതുവായ മാനദണ്ഡാപ്രകാരം അർഹമായ സാമൂഹിക ക്ഷേമ പെൻഷൻ നൽകണം. | | **തീരുമാനിക്കേണ്ട വിഷയം 11:** പരിഗണന അർഹിക്കുന്ന സമൂഹം എന്ന നിലയിൽ കെയർ ഹോമിലെ അന്തേവാസികൾക്ക് സാമൂഹിക ക്ഷേമ പെൻഷൻ അനുവദിക്കുന്ന സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സാമൂഹ്യ നീതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണോ? |

<u>അനുബന്ധം</u>

| | | | |
|---|---|---|---|
| 8.71 | കർഷകന് ആദായകരമായ സബ്സിഡി ഉത്പാദിപിക്കുന്ന വസ്തുക്കളുടെ അളവനുസരിച്ച് നൽകുക, കാലാവസ്ഥാ വ്യതിയാനം കൊണ്ട് ഉണ്ടായിട്ടുള്ള പ്രകൃതി ദുരന്തങ്ങളിൽ നിന്ന് അവന് പൂർണ്ണ സാമ്പത്തിക സംരക്ഷണം സർക്കാർ ചെലവിൽ നൽകുക, ഇൻഷുറൻസ് ഏർപ്പെടുത്തുക, കർഷകർക്ക് പെൻഷൻ നൽകുക, അവൻ ഉൽപാദിപ്പിക്കുന്ന വസ്തുക്കൾക്ക് മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുക, മൂല്യവർദ്ധിത കാർഷിക അനുബന്ധിത വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുക, പലിശ രഹിത വായ്പകൾ നൽകുക മുതലായവ എല്ലാം തന്നെ കാര്യക്ഷമമായി സർക്കാർ നടത്തിയാൽ പല പ്രശ്നങ്ങൾക്കും കാര്യമായ പരിഹാരം ഉണ്ടാകും. | | <u>തീരുമാനിക്കേണ്ട</u> <u>വിഷയം 12:</u> കാർഷിക മേഖലയിൽ വിള ഇൻഷുറൻസ് നടപ്പിലാക്കുന്നതിന്റെ സാധ്യത പഠനം നടത്തുന്നതിനായി ധനകാര്യ,കൃഷി വകുപ്പ് സെക്രട്ടറിമാരുടെ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്താവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.73 d | d. കുട്ടനാടിന്റെ പൈതൃക സംരക്ഷണത്തിനായി കുട്ടനാട് മ്യൂസിയവും വള്ളംകളി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും കുട്ടനാട് കേന്ദ്രമായി ആരംഭിക്കണം. | പുരാവസ്തുവകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിച്ചു വരുന്നുണ്ട് .ഓരോ ജില്ലയുടെയും പൈതൃക കാഴ്ചകൾ അതാത് ജില്ലകളുടെ ജില്ലാപൈതൃക മ്യൂസിയത്തിൽ ദൃശ്യമാകുവാൻ കഴിയുന്നവിധമാണ് ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ ചിന്താ വിഷയം ആവിഷ്ക്കരിക്കുന്നത്. നമ്മുടെ നാടിന്റെ പൈതൃകം സംരക്ഷിക്കുന്നതിന് വിശാല കാഴ്ചപ്പാടാണ് ഇത്തരത്തിൽ നടപ്പിലാക്കുന്നത് . ജില്ലാ പൈതൃക മ്യൂസിയം അല്ലാതെയുള്ള പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നിലവിൽ പുരാവസ്തു വകുപ്പിന്റെ പരിഗണനയിലില്ല. | **തീരുമാനിക്കേണ്ട വിഷയം 13:** കുട്ടനാട് കേന്ദ്രീകരിച്ച് ഒരു പൈതൃക മ്യൂസിയം സ്ഥാപിക്കുന്ന വിഷയത്തെ പറ്റി സാധ്യത പഠനം നടത്തുന്നതിനായി സാംസ്കാരിക വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണോ? |

## അനുബന്ധം

| | | | |
|---|---|---|---|
| 8.75 c | c. ഓർഫനേജുകളിൽ താമസിക്കുന്ന അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റ് ഇപ്പോൾ നിലവിൽ വിവിധ ക്ഷേമ പെൻഷനുകളായി ലഭിക്കുന്ന 1,600 രൂപയായി ഉയർത്തി നൽകണം | സർക്കാരിന്റെസാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് പരിഗണിക്കാവുന്നതാണ്.` | **തീരുമാനിക്കേണ്ട വിഷയം 14:** ക്ഷേമ പെൻഷൻ 1,600 രൂപയിൽ നിന്ന് 2000 രൂപ ആക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഗവൺമെന്റ് ഗ്രാന്റായി ഓർഫനേജുകൾക്ക് നൽകി വന്ന തുകയിൽ ആനുപാതികമായി വർദ്ധിപ്പിച്ച 1375 രൂപയിലേക്ക് ഉയർത്താവുന്നതാണോ ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.76 g | g. ലത്തീൻ കത്തോലിക്കാ സമുദാ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിൽ ഉള്ള തടസ്സങ്ങൾ സംബന്ധിച്ച് പഠനം നടത്തി അടിയന്തിരമായി പരിഹരിക്കണം. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അപ്രസക്തമായ 1947 എന്ന അടിസ്ഥാനവർഷം ലത്തീൻ കത്തോലിക്ക ക്രൈസ്തവ സ്വത്വം നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡമായി നിശ്ചയിച്ചത് നീക്കം ചെയ്യേണ്ടതാണ്. റോമൻ കാത്തലിക് ലാറ്റിൻ ക്രിസ്ത്യൻ ( RCLC) എന്നു ചില വിദ്യാർത്ഥികളുടെ സ്കൂൾ സർട്ടിഫിക്കറ്റിൽ ചേർത്തു വരുന്നുണ്ട്. ഇവർക്കും ലത്തീൻ കത്തോലിക്കാ സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള സ്പഷ്ടീകരണ ഉത്തരവ് ഇറക്കണം. ക്രിസ്ത്യൻ-പരവ, LC-പരവ എന്നിങ്ങനെ സർട്ടിഫിക്കറ്റ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നവർക്ക് ലാറ്റിൻ കാത്തലിക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കണം. കാസർഗോഡ് ചന്ദ്രഗിരി പുഴയ്ക്കു വടക്കുവശത്ത് തലപ്പാടി വരെയുള്ള പ്രദേശത്തുള്ള ലത്തീൻ കത്തോലിക്കാ വിശ്വാസികൾ മംഗലാപുരം രൂപതാംഗങ്ങൾ എന്ന നിലയിൽ അവർക്കു ലത്തീൻ കത്തോലിക്കാ സർട്ടിഫിക്കറ്റ് മലബാർ മേഖലയിൽ ആദ്യമായി രൂപീകരിച്ച കോഴിക്കോട് രൂപതയിൽ ഉൾപ്പെടെ എല്ലാ ലത്തീൻ കത്തോലിക്കരുടെയും | | **തീരുമാനിക്കേണ്ട വിഷയം 15:** 1947-നു മുൻപ് ലത്തീൻ കത്തോലിക്കാ വിശ്വാസികളായി ചേർന്നവർക്കും അവരുടെ പിൻ തലമുറക്കാർക്കും മാത്രമേ ലത്തീൻ കത്തോലിക്കാ സമുദായ സർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുള്ളൂ എന്ന നിബന്ധന അശാസ്ത്രീയമായതിനാൽ ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളുടെ അന്വേഷണത്തിനു സഹായകരമായ ഒരു രേഖയായി പരിഗണിച്ചുകൊണ്ട് വില്ലേജ് ഓഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൻ്റെ അടിസ്ഥാനത്തിൽ ജാതി/സമുദായ സർട്ടിഫിക്കറ്റ് അനുവദിക്കാമെന്നും 1947 എന്ന വർഷം ജാതി/സമുദായ |

## അനുബന്ധം

| | | | |
|---|---|---|---|
| | അടിസ്ഥാനരേഖയിൽ LC എന്നതിന് പകരം RC എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ മാറ്റം വരുത്തി LC എന്ന് രേഖപ്പെടുത്തി ലഭിക്കുന്നതിന് റവന്യൂ അധികാരികൾ രണ്ട് തലമുറയുടെ രേഖകൾ നിലവിൽആവശ്യപ്പെടുന്നു. ഇത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും അതുവഴി സംവരണ ആനുകൂല്യം ലഭിക്കുന്നതിനും പ്രയാസം നേരിടുന്നു. പല ദേവാലയങ്ങളിലും പഴയ രേഖകൾ ഇല്ലാത്തതു മൂലം അപേക്ഷകർക്ക് സർട്ടിഫിക്കറ്റ് കിട്ടുന്നതിന് തടസ്സമാകുന്നു. പുനലൂർ രൂപതാംഗങ്ങളായ നൂറോളം ശ്രീലങ്കൻ അഭയാർത്ഥി കുടുംബാംഗങ്ങൾക്ക് റവന്യൂ വകുപ്പിൽ നിന്നുള്ള രേഖകളിൽ റോമൻ കത്തോലിക്കർ എന്നു മാത്രം രേഖപ്പെടുത്തിയിട്ടുള്ള ലത്തീൻ സഭയിലുള്ളവർക്കു കൂടി ലത്തീൻ കത്തോലിക്ക ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കണം. ഇക്കാര്യങ്ങളിലെല്ലാം രൂപതാ മെത്രാൻ നൽകുന്ന സാക്ഷ്യപത്രം ആധികാരിക രേഖയായി പരിഗണിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. | | സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡമായി പരിഗണിക്കേണ്ടതില്ല എന്നും തീരുമാനിക്കാവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.76 h | h. ദൈവാലയ രേഖകളുടെ സൂക്ഷിപ്പുകാരായ ഇടവക വികാരിമാരുടെ ശുപാർശയുടേയും സത്യവാങ്മൂലത്തിന്റെയും റവന്യൂ ഉദ്യോഗസ്ഥരുടെ പ്രാദേശിക അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ കാലവിളംബം കൂടാതെ സർട്ടിഫിക്കറ്റ് നൽകണം. ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന രേഖകൾ ആധികാരിക സ്വഭാവം ഉള്ളവയായി കണക്കാക്കണം. | | തീരുമാനിക്കേണ്ട വിഷയം 16: മുകളിൽ പ്രതിപാദിച്ച ശിപാർശ 8.76g യോട് ഒപ്പം ഈ വിഷയം പരിശോധിക്കാൻ പിന്നാക്ക ക്ഷേമ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണോ? |
| 8.88 | പിന്നോക്ക പ്രദേശങ്ങളിൽ ആംഗ്ലോ ഇൻഡ്യൻ സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണം. | | തീരുമാനിക്കേണ്ട വിഷയം 17: വിദ്യാഭാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഏതെല്ലാം സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ട് എന്ന് പരിശോധിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പിനെ ചുമതപ്പെടുത്താവുന്നതാണോ? |

## അനുബന്ധം

| | | | |
|---|---|---|---|
| 8.89 | കമ്മ്യൂണിറ്റി ക്വോട്ടയിലെ സീറ്റുകളിൽ മെറിറ്റ് അടിസ്ഥാനമാക്കി പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ലഭിച്ചിരുന്ന ഇ-ഗ്രാന്റ് സ്കോളർഷിപ്പുകൾ പുനഃസ്ഥാപിച്ചു നൽകണം. | | **തീരുമാനിക്കേണ്ട വിഷയം 18:** ശുപാർശ തത്വത്തിൽ അംഗീകരിക്കാവുന്നതാണോ? |
| 8.97 | കേരളത്തിലെ ആംഗ്ലോ-ഇന്ത്യൻ വിഭാഗക്കാരുടെ സാമൂഹിക-സാമ്പത്തിക (പാർപ്പിട പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, വിദ്യാഭ്യാസപരവും സാമ്പത്തിക വുമായ പിന്നോക്കാവസ്ഥ തുടങ്ങിയവ) സാഹചര്യങ്ങളെ കുറിച്ച് പഠിക്കാൻ ഒരു സർക്കാർ ഏജൻസിയെ നിയോഗിക്കണം. | | **തീരുമാനിക്കേണ്ട വിഷയം 19:** ശുപാർശ അംഗീകരിക്കാവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.100 | പത്തനാപുരം സെന്റ് ബ്രോക്കർഡ്സ് സി.എ.എംഎച്ച്.എസ്സ്.ൽ അപ്പർ പ്രൈമറി സെക്ഷൻ അനുവദിക്കണം. | | **തീരുമാനിക്കേണ്ട വിഷയം 20:** അപ്ഗ്രഡേഷൻ സംബന്ധിച്ച നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ശിപാർശ പരിഗണിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.101 | പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്ക്കൂൾ, വട്ടയാർ സെന്റ് മേരീസ് ഹൈസ്ക്കൂൾ ഹയർ സെക്കന്ററികളായി ഉയർത്തുക. | | **തീരുമാനിക്കേണ്ട വിഷയം 21:** അപ്ഗ്രഡേഷൻ സംബന്ധിച്ച നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ശിപാർശ പരിഗണിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണോ?? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.102 | അഴീക്കൽ, ബി.ബി.എം.എൽ പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുക. | | **തീരുമാനിക്കേണ്ട വിഷയം 22:** അപ്ഗ്രഡേഷൻ സംബന്ധിച്ച നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ശിപാർശ പരിഗണിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.103 | കൊല്ലം കർമ്മല റാണി ട്രെയിനിംഗ് കോളേജിലെ എം.എഡ്. കോഴ്സ്സിന് എയ്ഡഡ് പദവി പുനഃസ്ഥാപിക്കുക. | സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അധിക ബാധ്യതകൾ ഏറ്റെടുക്കാൻ പര്യാപ്തമല്ലാത്തതിനാൽ എയ്ഡഡ് പ്രോഗ്രാമുകൾ അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. | **തീരുമാനിക്കേണ്ട വിഷയം 23:** എയ്ഡഡ് കോഴ്സുകൾ പുനഃസ്ഥാപിക്കുന്ന വിഷയം പരിശോധിക്കാൻ ഉന്നത വിദ്യാഭാസ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.104b | എയ്ഡഡ് ലോവർ പ്രൈമറി സ്കൂളുകളെ അപ്പർ പ്രൈമറി സ്കൂളുകളായി ഉയർത്തുക. | | തീരുമാനിക്കേണ്ട വിഷയം 24: അപ്ഗ്രഡേഷൻ സംബന്ധിച്ച നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ശിപാർശ പരിഗണിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.104c | ചെറിയനാട് എസ്.വി.എച്ച്.എസ്സിൽ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കുക. | | **തീരുമാനിക്കേണ്ട വിഷയം 25:** ചെറിയനാട് എസ്.വി.എച്ച്.എസ്സിൽ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കുന്ന വിഷയം പരിശോധിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണോ? |

## അനുബന്ധം

| | | | |
|---|---|---|---|
| 8.106 | പിന്നോക്ക പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ആംഗ്ലോ- ഇന്ത്യൻ സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള സ്കൂളുകളുടെ അപ്ഗ്രഡേഷൻ a. Our Lady Snow Anglo-Indian LPS Kunjithai - to U.P. School b. E.P. School, Elamkunnappuzha - to U.P. School c. Cruz Milagras Anglo-Indian L.P.S. Ochanthuruth - to U.P. School d. Luiz A.I.U.P.School, Kadukutty, Trichur district - to High School e. Loreto Anglo- Indian High School, Saude, Cochin - Higher Secondary | | തീരുമാനിക്കേണ്ട വിഷയം 26: അപ്ഗ്രഡേഷൻ സംബന്ധിച്ച നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ശിപാർശ പരിഗണിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണോ? |

## അനുബന്ധം

| | | | |
|---|---|---|---|
| 8.107 | ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള അതേ രീതിയിലുള്ള ഒരേയൊരു സ്കൂളായ പെരുമാനൂർ സി.സി.പി.എൽ.എം.ആംഗ്ലോ-ഇന്ത്യൻ ഹയർ സെക്കന്ററി സ്കൂളിൽ ബയോ മാത്സ് പോലെയുള്ള കോഴ്സുകൾ കൂടി അനുവദിക്കുക. | | **തീരുമാനിക്കേണ്ട വിഷയം 27:** ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരേയൊരു സ്കൂളായ പെരുമാനൂർ സി.സി.പി.എൽ.എം.ആംഗ്ലോ-ഇന്ത്യൻ ഹയർ സെക്കന്ററി സ്കൂളിൽ ബയോ മാത്സ് പോലെയുള്ള കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണോ ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.114 a | പാലക്കാട് ചിറ്റൂർ താലൂക്കിൽ കിഴക്കൻ മേഖലയിൽ ലത്തീൻ കത്തോലിക്കരുടെ പ്രധാന തൊഴിലും വരുമാനവും ഔഷധസസ്യങ്ങൾ ശേഖരിച്ച് വിൽക്കുന്നതാണ്. ഇവർ ഇടനിലക്കാരെ ആശ്രയിക്കുകയും ചൂഷണത്തിന് വിധേയരാവുകയും ചെയ്യുന്നു. ഇടനിലക്കാരെ ഒഴിവാക്കി സർക്കാർ നേരിട്ട് സ്വീകരിക്കാൻ തക്കവിധം (പാൽ, നെല്ല് സംഭരണം പോലെ) സഹകരണ സംഘങ്ങൾ രൂപീകരിക്കുക. | | **തീരുമാനിക്കേണ്ട വിഷയം 28:** "മറ്റത്തൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി' മാതൃകയിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ പുതിയ സംഘങ്ങൾ രൂപീകരിക്കാൻ വേണ്ടുന്ന നടപടി സ്വീകരിക്കാൻ സഹകരണ രജിസ്ട്രാറെ ചുമതലപ്പെടുത്താവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| | | ഔഷധിയുടെ പ്രധാന മരുന്നായ പ്രമേഹൗഷധിക്കാവശ്യമായ ജൈവപാവക്കയും കൂടാതെ പ്രധാന ഇനമായ കുറുന്തോട്ടിയും വാങ്ങിവരുന്നത് സംസ്ഥാന ഔഷധ സസ്യബോർഡിന്റെ സഹകരണത്തോടെ തൃശ്ശൂർ ജില്ലയിലെ മറ്റത്തൂരിൽ പ്രവർത്തിച്ചുവരുന്ന "മറ്റത്തൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി' യിൽ നിന്നാണെന്നും, കൂടാതെ കണ്ണൂർ ജില്ലയിലെ കല്യാശ്ശേരിയിലുള്ള ഫാർമേഴ്സ് ഗ്രൂപ്പിൽ നിന്ന് കുറുന്തോട്ടിവേരും വാങ്ങിവരുന്നുണ്ടെന്നും, ഇതിനുപുറമെ കർഷകരിൽ നിന്ന് നേരിട്ടും ഗുണനിലവാരമുള്ള സംസ്കൃത വസ്തുക്കൾ സ്ഥാപനത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് വാങ്ങി വരുന്നുമുണ്ടെന്നും ഔഷധസസ്യങ്ങൾ ശേഖരിച്ച് വില്പന നടത്തുന്ന തദ്ദേശീയരായ ആളുകളെ ചേർത്ത് ഒരു | |

# അനുബന്ധം

| | | | |
|---|---|---|---|
| | | ക്ലസ്റ്റർ/സൊസൈറ്റി രൂപീകരിക്കുകയും ഇത്തരം ക്ലസ്റ്റർ/സൊസൈറ്റി ഔഷധസസ്യങ്ങൾ ശേഖരിച്ച് ഔഷധനിർമ്മാണ കമ്പനികളായ ഔഷധി, കോട്ടയ്ക്കൽ ആര്യ വൈദ്യശാല, ഇതര നിർമ്മാണ യൂണിറ്റുകൾ എന്നിവർക്ക് നേരിട്ട് വില്പന നടത്തുകയും ചെയ്യാവുന്നതാണെന്നും, ഔഷധസസ്യ ബോർഡിന്റെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ മറ്റത്തൂരിൽ പ്രവർത്തിക്കുന്ന 'മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റി (MLCS) ഈ നിലയിൽ വിജയകരമായി പ്രവർത്തിച്ചു വരുന്നുണ്ട് | |

# അനുബന്ധം

| | | | |
|---|---|---|---|
| 8.147 | പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന് കണ്ണൂർ ജില്ലയിൽ ഓഫീസ് ആരംഭിക്കുക. | | തീരുമാനിക്കേണ്ട വിഷയം 29: ശിപാർശ അംഗീകരിക്കാവുന്നതാണോ ? |
| 8.196 | കുട്ടനാടിന്റെ പൈതൃക സംരക്ഷണത്തിനായി കുട്ടനാട് മ്യൂസിയം ആരംഭിക്കണം. | ജില്ലാ പൈതൃക മ്യൂസിയം അല്ലാതെയുള്ള പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയോ ആയതിനുള്ള ധനകാര്യവകയിരുത്തലോ നിലവിൽ പുരാവസ്തു വകുപ്പിനില്ല . | തീരുമാനിക്കേണ്ട വിഷയം 30: മുകളിൽ പ്രതിപാദിച്ച ശിപാർശ 8.73d യോട് ഒപ്പം ഈ വിഷയം പരിശോധിക്കാൻ സാംസ്കാരിക വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| 8.231 | ഒരു നിശ്ചിത അളവിലുള്ള ഡീസലോ മണ്ണെണ്ണയോ തികച്ചും സൗജന്യമായും, വേറൊരു അളവിലുള്ള ഡീസലും മണ്ണെണ്ണയും പൂർണ്ണമായി നികുതി ഒഴിവാക്കിയുള്ള വിലയിലും പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ബോട്ടുകളുടെ അടിസ്ഥാനത്തിൽ നൽകണം. ഇന്ധനവിലയിൽ മത്സ്യമേഖലക്ക് പ്രത്യേക നികുതിയിളവ് / സബ്സിഡി നൽകി സഹായിക്കണം. പ്രതിമാസം ഒരു തൊഴിൽ ഉടമയ്ക്ക് 3,750 ലിറ്റർ (150x25) മണ്ണെണ്ണ ലഭ്യമാക്കുന്നതിനും ഫിഷ് ലാന്റിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കാനും ഉള്ള നടപടികൾ സ്വീകരിക്കണം. | | <u>തീരുമാനിക്കേണ്ട വിഷയം 31:</u> പത്തു വർഷത്തിനു മേലെയായി സബ്സിഡി തുകയിൽ വർദ്ധനവ് വരുത്തിയിട്ടില്ലാത്തതിനാൽ മണ്ണെണ്ണ സബ്സിഡി 50 രൂപയായി ഉയർത്തുന്നത് അംഗീകരിക്കാവുന്നതാണോ? |

# അനുബന്ധം

| | | | |
|---|---|---|---|
| | | കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച് നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്ത വിതരണക്കാരായി ഉത്തരവാകുകയും ചെയ്ത് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന സബ്സിഡി വർദ്ധിപ്പിച്ച് നൽകുന്നതിനുമാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല.<br>കേരളത്തിന്റെ 9 തീരദേശ ജില്ലകളിലായി 13 മണ്ണെണ്ണ ബങ്കുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പൊതുമേഖല എണ്ണ കമ്പനികളായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ എന്നീ ഓയിൽ കമ്പനികളിൽ | |

# അനുബന്ധം

| | | | |
|---|---|---|---|
| | | നിന്നും നേരിട്ട് മണ്ണെണ്ണ വാങ്ങി മത്സ്യഫെഡ് ബങ്കുകൾ വഴി വിതരണം നടത്തുന്ന സംവിധാനമാണ്. നിലവിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ബങ്കുകൾക്ക് 20 കിലോ ലിറ്റർ മുതൽ 80 കിലോ ലിറ്റർ വരെ സംഭരണ ശേഷിയുണ്ട്. 13 മണ്ണെണ്ണ ബങ്കകളിൽ കൂടി ആകെ 360 കിലോ ലീറ്റർ സംഭരണ ശേഷിയുണ്ട്. കൂടുതൽ ബങ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സൗജന്യമായി മണ്ണെണ്ണ ലഭ്യമാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. | |

# അനുബന്ധം

| | | | |
|---|---|---|---|
| 8.262 | മേൽ സൂചിപ്പിച്ച വിജ്ഞാപനം തീരവാസികൾക്കു വീട് നിർമ്മിക്കുവാനും പുനർനിർമ്മിക്കുവാനും അനുവാദം നൽകിയിരിക്കുന്നുവെങ്കിലും മൂന്നിരട്ടി നികുതി അടയ്ക്കാൻ നിർബന്ധിതരാക്കുന്ന U/A നമ്പർ മാത്രമാണ് ഭവനങ്ങൾക്ക് നൽകിയിരിക്കുന്നത്. 2019 ലെ CRZ വിജ്ഞാപനപ്രകാരം മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത തീരവാസികൾക്കും ഭവന നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളതിനാൽ നിലവിലുള്ള എല്ലാ ഭവനങ്ങളും അപ്രകാരം ക്രമീകരിച്ച് U/A യിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. | 2019 തീരദേശ വിജ്ഞാപനത്തിലെ clause 9 (iv) പ്രകാരം 2011 തീരദേശ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നിർമ്മിച്ചിട്ടുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വാസഗൃഹ നിർമ്മാണങ്ങൾക്ക് ക്രമവത്കരിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇത്തരത്തിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നിർമ്മാണം നിബന്ധനകൾക്ക് വിധേയമായി സാധൂകരിച്ച് നൽകുന്നതാണ്. എന്നാൽ 2011 വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ അംഗീകൃതമല്ലാത്ത കെട്ടിടങ്ങളുമായി കണക്കാക്കുന്നതാണ്. | **തീരുമാനിക്കേണ്ട വിഷയം 32:** 2019 ലെ CRZ വിജ്ഞാപനപ്രകാരം മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത തീരവാസികൾക്കും ഭവന നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വീടുകൾക്ക് വീട്ടുനമ്പർ അനുവദിക്കുന്ന വിഷയത്തിൽ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പരിസ്ഥിതി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിമാരുടെ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്താവുന്നതാണോ? |